SH Public School Thevara.

Std V മലയാളം Worksheet 9 വ്യാകരണം

Marks. 10

I തന്നിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

നെല്ലരി വേവിച്ചുണ്ടാക്കുന്ന ചോറും കഞ്ഞിയും പലഹാരങ്ങളുമാണ് കേരളീയരുടെ മുഖ്യമായ ആഹാരസാധനങ്ങൾ. കേരളത്തിലെ കാലാവസ്ഥ നെൽക്കൃഷിക്ക് പറ്റിയതാണ്. നെല്ല് നല്ലതുപോലെ വിളയുന്നതിന് വെയിലും വെള്ളവും കാറ്റും മഞ്ഞും വളരെ ഉപകരിക്കുന്നു. ഇടവപ്പാതി, തുലാവർഷം എന്നിങ്ങനെ ആണ്ടിൽ രണ്ടു തവണ മഴയുള്ള നാടാണ് കേരളം. മഴക്കാലമൊഴിച്ചുള്ള മാസങ്ങളിൽ ചൂടും വെളിച്ചവും വേണ്ടുവോളം ഉണ്ടായിരിക്കും. കാറ്റും മഞ്ഞും കൂടുതലുള്ള മാസങ്ങളാണ് വൃശ്ചികവും ധനുവും മകരവും. ക്രമത്തിലധികം മഴപെയ്ത് വെള്ളപ്പൊക്കമുണ്ടായാൽ ഇളം ഞാറുകളുടെ വേരുകളിളകിയും പ്രായമായ ചെടികളുടെ കൂമ്പുകളടയുകയും ചെയ്ത് നെൽക്കൃഷി നശിക്കും. കടുത്ത വേനൽ നീണ്ടുനിന്നാൽ നെല്ലിന്റെ കൂമ്പും കതിരും കരിഞ്ഞ് കൃഷി നശിക്കും. മഴയും വെയിലും പാകത്തിനു കിട്ടിയാലാണ് നെൽക്കൃഷി നന്നാവുക.

<u>നെൽക്കൃഷി</u>

ചോദ്യങ്ങൾ.

PTO

1 കേരളത്തിൽ ആണ്ടുതോറും ലഭിക്കുന്ന രണ്ടു മഴക്കാലം ഏതെല്ലാമാണ്?

2. കേരളീയരുടെ മുഖ്യമായ ആഹാര സാധനങ്ങൾ എന്തെല്ലാം?

3 വലിയ വെള്ളപ്പൊക്കമുണ്ടായാൽ നെൽകൃഷിക്ക് എന്തു സംഭവിക്കും?

4. കാറ്റും മഞ്ഞും കൂടുതൽ ലഭിക്കുന്ന മാസങ്ങളേതെല്ലാം?

5 നെൽകൃഷി നന്നാവുന്നതെപ്പോൾ?

6 നെല്ലിന്റെ കതിരും കുമ്പും കരിഞ്ഞു പോകുന്നതെപ്പോൾ?

7 ഈ വഞ്ചിക്കയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. $7 \times 1 = 7$

II ബഹുവചനം എഴുതുക.

1 വൃക്ഷം

2 മാൻ

3 കൃഷി

4 സ്ത്രീ

5 വീട്

6 പഴങ്ങൊക്ക് $\frac{1}{2} \times 6 = 3$